(സി) പ്രസക്തമല്ല.

(ഡി) 1996-97 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ ഓരോ വർഷവും പലിശയായി സർക്കാരിന് ബോർഡ് ചെലവെഴുതിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു. 2001 ജനുവരി 31-ലെ കണക്ക് ആയിട്ടില്ല.

1996-97	99.26 കോടി രൂപ
1997-98	102.37 കോടി രൂപ
1998-99	8.02 കോടി രൂപ
1999-2000	25.29 കോടി രൂപ

(താൽകാലിക കണക്ക്)

(ഇ) സർക്കാർ പ്രഖ്യാപിച്ച വൈദ്യുതോർജ്ജ നയമനുസരിച്ച് വൈദ്യുത ബോർഡ് 31-3-1998 വരെ സർക്കാരിൽ നിന്നും എടുത്തിട്ടുള്ള വായ്പ തുകയായ 1025 കോടി രൂപയും, 31-3-1997 വരെ പലിശയിനത്തിൽ നൽകാനുള്ള 528 കോടി രൂപയും ചേർത്ത് 1553 കോടി രൂപ സർക്കാരിന്റെ ഇക്വിറ്റിയാക്കി മാറ്റിയിട്ടുണ്ട്. പലിശയിനത്തിൽ സർക്കാരിന് ബോർഡ് നൽകുവാനുള്ള തുക പണമായി നൽകാറില്ല.

(എഫ്) 2001 ജനുവരി 31-ലെ കണക്ക് ആഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. 1999-2000 വരെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കനുസരിച്ച് 189.95 കോടി രൂപ പലിശയിനത്തിൽ സർക്കാരിന് നൽകാനുണ്ട്.

കെ.എസ്.ഇ.ബി.യുടെ കടം

102 (327) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001 ജനുവരി 31-ാം തിയതിവരെ കെ.എസ്.ഇ.ബിയ്ക്ക് എത്ര കോടി രൂപ കടം ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ കെ.എസ്.ഇ.ബി.യ്ക്ക് ആകെ എത്ര കോടി രൂപയുടെ കടം ഉണ്ടായിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ഏജൻസികളിൽ നിന്നും കെ.എസ്.ഇ.ബി. വായ്പ എടുത്തിട്ടുണ്ട് ;

(ഡി) ഏതെല്ലാം വ്യവസ്ഥകളിലാണ് പ്രസ്തുത ഏജൻസികൾ വായ്പ നൽകിയിട്ടുള്ളത് ; ഇവയ്ക്ക് ഓരോന്നിനും പ്രതിവർഷം എന്ത് പലിശ നൽകേണ്ടി വരുമെന്ന് വെളിപ്പെടുത്താമോ ;

(ഇ) കെ.എസ്.ഇ.ബി.യുടെ പ്രതിമാസ വരുമാനം ഇപ്പോൾ എത്ര രൂപയാണെന്നും പ്രതിമാസ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

(എഫ്) പ്രതിമാസ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെട്ട് പോകുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇല്ലെങ്കിൽ അത് നികത്തുന്നതിന് ചാർജ് വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) 1991-96-ലെ ബോർഡിന്റെ വാർഷിക കണക്കനുസരിച്ച് സർക്കാർ വായ്പ ഉൾപ്പെടെ അതുവരെ ഉണ്ടായിരുന്ന ബോർഡിന്റെ കടം (outstanding loan) 1838.06 കോടി രൂപയായിരുന്നു. 2000-2001-ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ തയ്യാറായിട്ടില്ല. 1999-2000-ലെ താൽക്കാലിക കണക്ക് പ്രകാരം 31-3-2000 വരെ സർക്കാർ വായ്പ ഉൾപ്പെടെ 3551.1 കോടി രൂപയാണ് ബോർഡിന്റെ കടം (outstanding loan)

(സി&ഡി) 1995-96-നു മുമ്പും അതിനുശേഷവും എൽ.ഐ.സി., ആർ.ഇ.സി., പി.എഫ്.സി., ഐ.സി.ബി.ഐ., സിഡ്ബി, കാൻഫിൻഹോം, എച്ച്.ഡി.എഫ്.സി., ക്രെഡിറ്റ് ലയോണിസ്, ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. 1995-96-നുശേഷം പുതുതായി ഇ.ഡി.സി.യിൽ നിന്നും കെ.പി.എഫ്.സി.യിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളത്. ഈ ഏജൻസികളിൽ നിന്നുമെടുത്ത വായ്പകളുടെ വ്യവസ്ഥയും മറ്റും ചുവടെ ചേർക്കുന്നു.

ഇ.ഡി.സി. (എക്സ്പോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ)

കുറ്റിയാടി എക്സ്റ്റൻഷൻ പദ്ധതിയായും പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണത്തിനുവേണ്ടിയും രണ്ടു വായ്പകൾ ഈ കനേഡിയൻ വായ്പാ പദ്ധതിയിൽ കൂടി ഉണ്ട്. ഇതിൽ കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിക്കായുള്ള വായ്പയുടെ വാർഷിക പലിശ നിരക്ക് 7.01 ശതമാനവും പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതികളുടെ നവീകരണത്തിനായുള്ള വായ്പയുടെ പലിശ നിരക്ക് 6.8 ശതമാനവുമാണ്. ഈ വായ്പകൾ തിരിച്ചടക്കേണ്ടത് 17 തുല്യ അർദ്ധ വാർഷിക ഗഡുക്കളിലാണ്. ഭാരത സർക്കാരിന്റെ ധനമന്ത്രാലയത്തിന്റെയും ഭാരത റിസർവ് ബാങ്കിന്റെയും അംഗീകാരത്തോടെയാണ് ഈ വായ്പകൾ ലഭ്യമാക്കിയിട്ടുള്ളത്.

കേരള പവർ ഫൈനാൻസ് കോർപ്പറേഷൻ

13.5 ശതമാനം ആണ് പലിശ നിരക്ക് 2 വർഷത്തെ മൊറട്ടോറിയം ഉൾപ്പെടെ 5 വർഷംകൊണ്ട് വായ്പ തുക തിരിച്ചടക്കണം. പലിശ ത്രൈമാസിക ഗഡുക്കളിലാണ് അടക്കേണ്ടത്.

(ഇ&എഫ്) 1999-2000-ലെ ബോർഡിന്റെ വാർഷിക കണക്കനുസരിച്ച് ശരാശരി പ്രതിമാസ വരുമാനം 16-8-95-ലെ സർക്കാർ ഉത്തരവനുസരിച്ചുള്ള സബ്സിഡി ഉൾപ്പെടെ 170.23 കോടി രൂപയും ശരാശരി പ്രതിമാസ ചെലവ് 161.67 കോടി രൂപയുമാണ്.

(ജി) ചാർജ് വർദ്ധനയുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly